APRIL 25 2013

THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO

VOL 2 ISSUE 4

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **George Thottapuram**
Secretary: **Juby Vennalasseril**
News Editor : **Roy Chelamalayil**

കെ.സി.എസിനെ ആർക്കും അടിയറവെയ്ക്കാൻ അനുവദിക്കില്ല

പ്രിയ ക്നാനായ സഹോദരീ സഹോദരന്മാരെ,

കഴിഞ്ഞ മുപ്പതോളം വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ളതും നോർത്ത് അമേരിക്കയിലെ ഏറ്റവും ശക്തവുമായ ക്നാനായ സമുദായ സംഘടനയുമായ കെ.സി.എസിനെ ഏതെങ്കിലും കുറേ വ്യക്തികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അടിയറവെയ്ക്കുവാൻ കെ.സി.എസ് ഭരണസമിതി തയ്യാറല്ലാ എന്ന് ബഹുമാന്യരായ അംഗങ്ങളെ അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കെ.സി.എസ് സംഘടനയിൽ അംഗങ്ങൾ മാത്രമേ ഉള്ളൂ. അംഗങ്ങളുടെ താല്പര്യങ്ങൾ ഭരണഘടനാപരമായും, പൊതുയോഗതീരുമാനപ്രകാരവും നടപ്പിലാക്കാൻ ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. അതിനപ്പുറമുള്ള ആരുടേയും വ്യക്തി താല്പര്യങ്ങൾ കെ.സി.എസിന് അംഗീകരിച്ചുകൊടുക്കാൻ സാധിക്കില്ല.

എന്താണ് ഇന്നത്തെ പ്രശ്നമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കണം. 2012 ജൂലൈയിൽ ചിക്കാഗോയിൽ വച്ചു നടക്കേണ്ട ക്നാനായ കൺവൻഷൻ തമ്മിലടി കാരണം ഒർലാന്റോയിൽ വച്ചു നടത്തുകയുണ്ടായി. ഇവിടുത്തെ സ്വരചേർച്ചയില്ലായ്മകൊണ്ട് ഇനി ഒരു കൺവൻഷൻ ചിക്കാഗോയിൽ നടക്കുമോ എന്ന് സംശയിച്ചിരുന്ന സാഹചര്യത്തിൽ ഈ ഭരണസമിതിയുടെ പരിശ്രമംമൂലം 2014 ലെ ക്നാനായ കൺവൻഷൻ ചിക്കാഗോയിൽ നടത്തുവാൻ മാർച്ച് 2-ാം തീയതികൂടിയ കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ തീരുമാനിക്കുകയുണ്ടായി. ചിക്കാഗോയ്ക്ക് ഇനി ഒരു കൺവൻഷൻ അനുവദിച്ചാൽ ഇവിടുത്തെ തമ്മിലടിമൂലം നടക്കാതിരിക്കുമോ എന്നു സംശയിച്ചുനിന്ന നാഷണൽ കൗൺസിൽ അംഗങ്ങൾക്ക് അതുണ്ടാകില്ല എന്ന് കെ.സി.എസ്. ഭരണസമിതി കൊടുത്ത ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് 2014 ലെ ഈ കൺവൻഷൻ നമുക്കു ലഭിച്ചത്.

ഈ കൺവൻഷൻ ചിക്കാഗോയ്ക്കു കിട്ടാതിരിക്കാൻ മാർച്ച് 1-ാം തീയതിയും, 2-ാം തീയതിയും നാഷണൽ കൗൺസിൽ അംഗങ്ങൾ താമസിച്ച നൈൽസിലെ ഹോളിഡേ ഇന്നിലെ മുറികളിൽ കയറിയിറങ്ങി ചിലർ പ്രചരണം നടത്തുകയുണ്ടായി. 2014 ലെ കൺവൻഷൻ ചിക്കാഗോയിൽ നടത്തുന്നതിനുള്ള പൊതുയോഗ അനുവാദവും കൺവൻഷൻ ചെയർമാനെ തെരഞ്ഞെടുക്കുന്നതിനുള്ള കെ.സി.സി.എൻ.എ. ഭരണഘടനാപരമായ നിർദ്ദേശങ്ങൾ അംഗീകരിക്കുവാനും വേണ്ടി ഫെബ്രുവരി 2-ാം തീയതി വിളിച്ചുകൂട്ടിയ വിശേഷാൽ പൊതുയോഗത്തിൽ രണ്ടു തീരുമാനത്തേയും നഖശിഖാന്തം എതിർത്തവരാണ് ഇവർ എന്നുകൂടി അംഗങ്ങൾ മനസിലാക്കണം. ഇത്രയും ബുദ്ധിമുട്ടുള്ള ഈ സാഹചര്യത്തിലാണ് നമുക്ക് കൺവൻഷൻ ലഭിച്ചത്.

കൺവൻഷൻ ലഭിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽ ജോസ് കണിയാലി, അലക്സാണ്ടർ കൊച്ചുപുരയ്ക്കൽ, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ജോൺ പാട്ടപ്പതി, പീറ്റർ കുളങ്ങര, ബിനു കൈതക്കത്തൊട്ടിയിൽ, സൈമൺ ചക്കാലപ്പടവിൽ എന്നിവർ ചേർന്ന് ഒരു കത്തുതന്നു. ആ കത്തിൽ ഞങ്ങൾ 400 കുടുംബങ്ങളുടെ പ്രതിനിധികളാണെന്നും അതുകൊണ്ട് കൺവൻഷൻ സ്ഥാനങ്ങൾ തത്തുല്യമായി വീതിച്ചു തരണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇവർ ഏഴുപേരെയും എത്രയും വേഗം ചർച്ചക്കുവിളിക്കണമെന്നും ഈ കത്തിൽ ആവശ്യപ്പെട്ടിരുന്നു.

ഇത്തരത്തിൽ ഒരു കത്ത് ഇവർ കെ.സി.എസ് ഭരണസമിതിക്കു തന്നു എന്നറിഞ്ഞപ്പോൾ നമ്മുടെ സംഘടനയിലെ പല അംഗങ്ങളും കെ.സി.എസ് എന്നത് ഒരു ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള സംഘടന അല്ലാ എന്നും, വ്യക്തികളാണ് ഈ സംഘട

നയിലെ അംഗങ്ങൾ എന്നും ഭരണസമിതിയെ ഓർമ്മിപ്പിക്കുകയുണ്ടായി. അങ്ങനെ ഏതെങ്കിലും ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആരെയെങ്കിലും സ്ഥാനമാനങ്ങൾ പങ്കുവെയ്ക്കാൻ വിളിക്കുന്നുണ്ടെങ്കിൽ ഞങ്ങൾക്ക് അതിൽ ക്ഷണം വേണമെന്നുപറഞ്ഞു പലരും ഭരണസമിതിയെ സമീപിക്കുകയുണ്ടായി.

ഈ അവസരത്തിൽ ഒരു കാര്യം വ്യക്തമായി അറിയിക്കുവാൻ ആഗ്രഹിക്കുന്നു കെ.സി.എസ് ഭരണസമിതി ഗ്രൂപ്പ് അടിസ്ഥാനത്തിലോ, ഏതെങ്കിലും പ്രാദേശിക അടിസ്ഥാനത്തിലോ, കുടുംബ ബലത്തിന്റെ അടിസ്ഥാനത്തിലോ കൺവൻഷൻ സ്ഥാനങ്ങൾ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്നില്ല. ഫെബ്രുവരി 2-ാം തീയതി കൂടിയ വിശേഷാൽ പൊതുയോഗത്തിൽ തീരുമാനിച്ചതുപോലെ കൺവൻഷൻ കമ്മറ്റി ചെയർമാൻ, കോ ചെയർമാൻ സ്ഥാനങ്ങൾ കെ.സി.എസ് ന്യൂസ് ലെറ്റർവഴിയും കെ.സി.എസ് വെബ്സൈറ്റ് വഴിയും അംഗങ്ങളെ അറിയിക്കുന്നതാണ്. താല്പര്യമുള്ള കമ്മറ്റികളിൽ പ്രവർത്തിക്കുന്നതിന് അംഗങ്ങൾക്കുള്ള താല്പര്യം കെ.സി.എസ്. ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ഒരു കമ്മറ്റിയിലേക്ക് ഒന്നിൽ കൂടുതൽ അംഗങ്ങൾ വന്നാൽ അവരുമായി കെ.സി.എസ് സംസാരിച്ചു ധാരണ ഉണ്ടാക്കാൻ ശ്രമിക്കും. അങ്ങനെ സാധിക്കാത്ത സാഹചര്യത്തിൽ കെ.സി.എസിന്റെ പന്ത്രണ്ടു നാഷണൽ കൗൺസിൽ അംഗങ്ങൾ സമ്മേളിച്ച് അവരിൽ ഒരാളെ തെരഞ്ഞെടുക്കും.

കെ.സി.എസിന് ഏതൊക്കെ സ്ഥാനങ്ങൾ ലഭിക്കുമെന്ന് മെയ് 4-ാം തീയതി ന്യൂയോർക്കിൽ കൂടുന്ന നാഷണൽ കൗൺസിൽ യോഗമാണ് തീരുമാനിക്കുക. അതിനുമുൻപ് സ്ഥാനമാനങ്ങൾക്കുവേണ്ടി സമ്മർദ്ദതന്ത്രം ഉപയോഗിക്കുകയും, ചിക്കാഗോയിൽ 2012 ആവർത്തിക്കുമെന്ന് മുന്നറിയിപ്പു നൽകി, കൺവൻഷനു മേൽ സംശയത്തിന്റെ പുകമറ സൃഷ്ടിച്ച് ഇവിടുന്ന് കൺവൻഷൻ മാറ്റിക്കാൻ കാരണം കണ്ടുപിടിച്ചു നടക്കുന്നവരോട് കെ.സി.എസ് അംഗങ്ങളും സംഘടനയും ഒരു കാര്യം പറയുന്നു **നിങ്ങൾക്ക് ഇത് കേരളരാഷ്ട്രീയ തന്ത്രമായിരിക്കും, പക്ഷേ ചിക്കാഗോ ക്നാനായ സമുദായ അംഗങ്ങൾക്ക് ഈ കൺവൻഷൻ ആത്മാഭിമാനത്തിന്റെ പ്രശ്നമാണ്. കെ.സി.എസിന് ഒരു പാരലൽ സംവിധാനം സൃഷ്ടിച്ച് സംഘടനയെ ദുർബലപ്പെടുത്തരുത്.**

ഒരു തെരഞ്ഞെടുപ്പിൽ ജയവും, പരാജയവും ഉണ്ടാവും അതുകഴിഞ്ഞാൽ നമുക്ക് ഒരു സംഘടന, ഒരു ഭരണഘടന, ഒരു നേതൃത്വം. അത് അംഗീകരിക്കുക എന്നുള്ളത് ജനാധിപത്യം.

ഇതിന് മുൻപ് പത്തു ക്നാനായ കൺവൻഷൻ നടന്നു. അവിടെ ഒന്നും ആരും ഇതുപോലെ സ്ഥാനമാനങ്ങൾക്കുവേണ്ടി സമുദായ സംഘടനയോ, സമുദായത്തെയോ, ഒരു ജനതയോ ബന്ദിയാക്കുകയോ, ബലിയാടാക്കുകയോ ചെയ്തിട്ടില്ല.

തെരഞ്ഞെടുപ്പുകഴിഞ്ഞു തെരഞ്ഞെടുക്കപ്പെട്ടവരെ അംഗീകരിക്കുകയും തെരഞ്ഞെടുത്ത ജനത്തെ ബഹുമാനിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ക്നാനായ പാരമ്പര്യം. കാരണം ക്നാനായ സമുദായം നൂറ്റാണ്ടുകൾ പേറുന്ന പാരമ്പര്യത്തിൽ അധിഷ്ടിതമായ കുടുംബകൂട്ടായ്മയാണ്. **പ്രിയ ചിക്കാഗോ സമുദായ അംഗങ്ങളേ, മെയ് 4-ാം തീയതി ന്യൂയോർക്കിൽ നടക്കുന്ന കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ നമുക്കു ലഭിച്ച കൺവൻഷൻ പാരലൽ ന്യൂസ് ലെറ്റർ വഴിയുള്ള വസ്തുനിഷ്ഠമല്ലാത്ത നുണപ്രചരണത്തിലൂടെ നമുക്ക് നഷ്ടമാകാതിരിക്കാൻ പ്രാർത്ഥിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ഇത് ഒരു ജനതയുടെ ആഗ്രഹമാണ് - ഇത് നമുക്ക് നഷ്ടപ്പെട്ടുകൂടാ.**

മാർച്ച് 25-ാം തീയതി കെ.സി.എസ് പ്രസിദ്ധീകരിച്ച ന്യൂസ് ലെറ്ററിൽ കൺവൻഷൻ 2014 ജൂലൈ 3, 4, 5, 6 തീയതികളിൽ ആയിരിക്കുമെന്ന് കൃത്യമായി അറിയിച്ചിട്ടുണ്ട്. ചിക്കാഗോയിൽ കൺവൻഷൻ നടത്തണമെങ്കിൽ ആ ദിവസങ്ങളിൽ മാത്രമേ 1200 ഹോട്ടൽ മുറികളും, കൺവൻഷൻ സെന്ററും ലഭ്യമാകുകയുള്ളൂ. 2012ൽ വഴക്കുണ്ടാക്കിയവർ പറഞ്ഞത് ലൊക്കേഷന്റെ പ്രശ്നമാണ്. ഇന്ന് ലൊക്കേഷൻ വിട്ടിട്ട് ഡേറ്റിൽ പിടിച്ചിരിക്കുന്നു. 2012 ലും ഈ ഡേറ്റുകൾ തന്നെയായിരുന്നു എന്ന് ഓർക്കുക.

നോർത്ത് അമേരിക്കയിലെ സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഫെസിലിറ്റിയിൽ ഒരു ക്നാനായ കൺവൻഷൻ എന്താ നമുക്കും നടത്തിക്കൂടേ. ഇഷ്ടമല്ലാത്ത അച്ചിയ്ക്ക് തൊട്ടതെല്ലാം കുറ്റമെന്ന് കേട്ടിട്ടുണ്ട്. ഇനിയും ധാരാളം നെഗറ്റീവ് കാര്യങ്ങൾ കേൾക്കുമായിരിക്കും. അവയ്ക്കെല്ലാം അർഹിക്കുന്ന അവഗണന കൊടുത്ത്, ആരോപണങ്ങളെ അതിജീവിച്ച്, അധികാരവും കസേരയും അർഹതപ്പെട്ടവരെ തേടിവന്നുകൊള്ളും എന്നു മനസിലാക്കി നമുക്ക് 2014 ലെ ക്നാനായ കാത്തലിക് കൺവൻഷൻ വിജയിപ്പിക്കുന്നതിൽ പങ്കാളികളാകുക. തെറ്റായ വാർത്തകളും, സന്ദേശങ്ങളും പുറത്തേക്കുവിട്ട് സംഘടനയെ അധികാര കസേരയ്ക്കുവേണ്ടി ദുർബലപ്പെടുത്തരുതേയെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഒരു കെ.സി.എസ് മെമ്പർ എന്ന നിലയിൽ നിങ്ങൾക്കുള്ള ചോദ്യങ്ങൾ കെ.സി.എസ് പൊതുയോഗത്തിലാണ് ചോദിക്കേണ്ടത് എന്ന് മനസിലാക്കുക.

എന്ന് സ്നേഹപൂർവം

കെ.സി.എസ് ഭരണസമിതി

ജോർജ് തോട്ടപ്പുറം, ജെസ്മോൻ പുറമഠത്തിൽ

ജൂബി വെന്നലശേരി, ബാബു തെപ്പറമ്പിൽ, ജസ്റ്റിൻ തെങ്ങനാട്ട്

കെ.സി.എസ്. ഫണ്ട് റൈസിംഗ് മെയ് 17 ന്

കെ.സി.എസ്. ധനശേഖരണാർത്ഥം നടത്തുന്ന റിമി ടോമി ഷോ മെയ് 17 - ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.30 ന് ഗ്രേറ്റ് വേ തീയറ്ററിൽവെച്ച് നടത്തപ്പെടുന്നതാണ്. എല്ലാവരും ടിക്കറ്റെടുത്ത് ഫണ്ട് റൈസിംഗ് പ്രോഗ്രാമിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

KCS CALENDAR

General body	May 11th 10 a.m.
Fund raising	May 17th 2013
Yuvajanavedi picnic outing	May 18th
Grand parents outing	June 22nd
Picnic	
North Side	June 23rd
West Side	July 7th
KCS Olympics	August 24

TARA ARTS SHOW 2013











KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630